പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# പോലീസ് സേനയുടെ നവീകരണം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *159 — 6/02/2019-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.എ.എൻ. ഷംസീർ<br>ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.പി.കെ.ശശി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കുറ്റാന്വേഷണം കൂടുതൽ മികവുറ്റതാക്കുന്നതിനായി ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ക്രൈം ബ്രാഞ്ചിന്റെ കുറ്റാന്വേഷണം കൂടുതൽ മികവുറ്റതും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രൈം ബ്രാഞ്ച് വിഭാഗം പുന: സംഘടിപ്പിച്ച് സർക്കാർ ഉത്തരവ് (കൈ) നം. 162/2018/ആഭ്യന്തരം തീയതി 11.10.2018 പ്രകാരം ക്രൈം ബ്രാഞ്ച് സി.ഐ.ഡി. (സി.ബി.സി.ഐ.ഡി)-യെ പുന:ക്രമീകരിച്ചുകൊണ്ടും പൊതുജനങ്ങൾ പരക്കെ വിളിച്ചുവരുന്ന ക്രൈം ബ്രാഞ്ച് എന്ന പേരിലേയ്ക്ക് മാറ്റിക്കൊണ്ടും ഉത്തരവായിട്ടുള്ളതാണ്.<br>പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലകൾ ഒഴികെ, റവന്യൂ ജില്ലാടിസ്ഥാനത്തിൽ പോലീസ് സൂപ്രണ്ടുമാർക്ക് ചുമതല നൽകി ക്രൈംബ്രാഞ്ച് പുന:ക്രമീകരിച്ചിട്ടുണ്ട്. പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലകളുടെ അധിക ചുമതല യഥാക്രമം കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ |

പോലീസ് സൂപ്രണ്ടുമാർക്ക് നൽകിയിട്ടുണ്ട്.

പുന:ക്രമീകരണത്തിനു മുൻപ്, ക്രൈം ബ്രാഞ്ചിൽ അന്വേഷണത്തിനായി ലഭിക്കുന്ന കേസ്സുകളിലെ കുറ്റകൃത്യങ്ങളെ, ആക്രമണവും കൊലപാതകവും, സാമ്പത്തിക കുറ്റകൃത്യങ്ങൾ, ആസൂത്രിത കുറ്റകൃത്യങ്ങൾ എന്നിങ്ങനെ 3 വിഭാഗങ്ങളായി തിരിച്ചിരുന്നതും, ഏതെങ്കിലും ഒരു വിഭാഗത്തിലെ പോലീസ് സൂപ്രണ്ടിന് രണ്ടും, അതിലധികവും ജില്ലകളുടെ ചുമതലകൾ നൽകിയിരുന്നു. ആയത് ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്ന കേസുകളുടെ അന്വേഷണത്തിന്റെ മേൽനോട്ടത്തിനും കാര്യക്ഷമതയ്ക്കും ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. മേൽ ഉത്തരവ് പ്രകാരം ക്രൈം ബ്രാഞ്ചിന്റെ പുന:ക്രമീകരണം നടപ്പിലാക്കിയതിനുശേഷം, ഒരു പോലീസ് സൂപ്രണ്ടിന് ഒരു ജില്ലയിലുള്ള എല്ലാത്തരം കുറ്റകൃത്യങ്ങളുടേയും അന്വേഷണച്ചുമതല നൽകിയതോടെ അന്വേഷണങ്ങളുടെ മേൽനോട്ടം കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കാനും കേസ്സുകൾ വേഗത്തിൽ തെളിവിലേയ്ക്ക് കൊണ്ടുവരാനും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുവാനും സാധിക്കുന്നതാണ്. ഇതുകൂടാതെ പ്രമാദമായ കേസ്സുകൾ അന്വേഷിക്കുന്നതിന് ഓരോ പോലീസ് സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആസ്ഥാനമാക്കി രണ്ട്

| | | | |
|---|---|---|---|
| | | | സെൻട്രൽ യൂണിറ്റുകളും, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ ആസ്ഥാനമാക്കി ഓരോ സെൻട്രൽ യൂണിറ്റുകളും (ആകെ 4 സെൻട്രൽ യൂണിറ്റുകൾ) രൂപീകരിച്ചിട്ടുള്ളത് കേസ്സുകളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകമാകുന്നുണ്ട്.<br>കൂടാതെ ക്രൈം ബ്രാഞ്ചിലെ 3 പോലീസ് ഇൻസ്പെക്ടർ ജനറൽമാരെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലേയ്ക്ക് പുന:ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | രവി പൂജാരയെപോലെ അന്താരാഷ്ട്ര ബന്ധങ്ങളുള്ള മുംബൈ അധോലോക നായകർ സംസ്ഥാനത്ത് ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ നടത്തുന്ന ശ്രമം വിഫലമാക്കാൻ പോലീസ് സേനയുടെ നവീകരണം പ്രയോജനപ്രദമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാന പോലീസിൽ കാലോചിതമായ പരിഷ്കരണവും നവീകരണവും നടത്തി ഒരു ആധുനിക പോലീസ് സംവിധാനം വാർത്തെടുത്തതിന്റെ ഫലമായി സംസ്ഥാനത്ത് സംഘടിത കുറ്റകൃത്യങ്ങൾ/മറ്റ് ക്രിമിനൽ കുറ്റങ്ങൾ മുതലായവയിൽ ഏർപ്പെടുന്നവർക്ക് കേരളം ഒരു പ്രവർത്തനമേഖലയാക്കുവാനോ ഒളിത്താവളമാക്കുവാനോ സാധിച്ചിട്ടില്ല. ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനായി നഗരങ്ങൾ കേന്ദ്രീകരിച്ച് ഡയൽ 100 എന്ന സംവിധാനത്തോടുകൂടി കൺട്രോൾ റൂമുകൾ പ്രവർത്തിച്ചു വരുന്നതും, കൺട്രോൾ റൂമുകളുടെ കീഴിൽ ജി.പി.എസ്. ക്യാമറ മുതലായ ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തിയ വാഹനങ്ങൾ നഗര പ്രദേശങ്ങളിലെ വിവിധ സ്ഥലങ്ങളിലായി |

| | | | |
|---|---|---|---|
| | | | കേന്ദ്രീകരിച്ച് 24 മണിക്കൂറും പട്രോളിംഗ് നടത്തി വരുന്നു. ഇവയുടെ പ്രവർത്തനം മൂലം കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റകൃത്യങ്ങളിൽ എർപ്പെടുന്നവരെ വളരെ വേഗം പിടികൂടുവാനും സാധിക്കുന്നു.<br>അതിർത്തി ചെക്ക് പോസ്റ്റുകളിൽ നിന്നും കടന്നു വരുന്ന വാഹനങ്ങൾ കർശനമായ പരിശോധന നടത്തി പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടികൾ കാര്യക്ഷമമാക്കിക്കൊണ്ട് സംഘടിത കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കുവാനുള്ള എല്ലാ ശ്രമങ്ങളും പോലീസ് നടത്തി വരുന്നുണ്ട്. |
| (സി) | കടൽത്തീരം വഴി മനുഷ്യക്കടത്ത് നടന്നുവെന്ന് സംശയിക്കുന്ന സാഹചര്യത്തിലും ഐ.എസ്. എന്ന ഭീകര സംഘടനയിൽ ചേരാൻ ആളുകൾ നാടുവിടുന്ന സാഹചര്യത്തിലും പോലീസ് നടത്തുന്ന ജാഗ്രത്തായ ഇടപെടലുകൾ കൂടുതൽ ശാക്തീകരിക്കാൻ സേനയുടെ പുനഃസംഘടനയും നവീകരണവും കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (സി) | ഉണ്ട്. തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം Coastal Security Scheme (CSS)-ൽ ഉൾപ്പെടുത്തി 2 ഘട്ടങ്ങളിലായി സംസ്ഥാനത്ത് 18 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സ്റ്റേഷനുകളിലേയ്ക്ക് ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റേയും നാവിക സേനയുടേയും പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ള സേനാംഗങ്ങളെ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളതാണ്. കൂടാതെ ഇവിടെ അനുവദിച്ചിട്ടുള്ള ഇന്റർസെപ്റ്റർ ബോട്ടുകൾ ഉപയോഗിച്ച് തീരപ്രദേശത്തും ഉൾക്കടലിലും നിരന്തരം പട്രോളിംഗ് നടത്താറുണ്ട്. കൂടാതെ ബോട്ടുകളുടെ റിപ്പയറിംഗിനും മെയിന്റനൻസിനുമായി കൊച്ചിൻ ഷിപ്പിയാർഡുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോസ്റ്റൽ പോലീസിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി 18 സാറ്റലൈറ്റ് ഫോണുകൾ വാങ്ങി നൽകിയിട്ടുണ്ട്. ISIS പോലുള്ള തീവ്രവാദ സംഘടനകളിലേയ്ക്ക് ആളുകൾ ചേരുന്നതോ, ചേർക്കുന്നതോ ആയ ശ്രമങ്ങൾക്കെതിരെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുന്നതിനുവേണ്ടി സംസ്ഥാന ഇന്റലിജൻസ് വിഭാഗം കർശന നിരീക്ഷണം നടത്തി വരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേസ്സുകൾ രജിസ്റ്റർ ചെയ്യും ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ക്രമസമാധാനപാലനത്തിലും കുറ്റാന്വേഷണത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന നടപടി പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ 7 പോലീസ് സ്റ്റേഷനുകളിൽ നേരത്തെ തന്നെ ഇൻസ്പെക്ടർമാർ എസ്.എച്ച്.ഒ ആയിരുന്നു. 21/10/2017 തീതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 211/2017/ആഭ്യ പ്രകാരം 196 സ്റ്റേഷനുകളിൽക്കൂടി പോലീസ് ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ. മാരാക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് ഇപ്പോൾ 203 പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഇൻസ്പെക്ടർമാർ എസ്.എച്ച്.ഒ.മാരായി പ്രവർത്തിച്ചു വരുന്നു. ഇത്രയും പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിച്ചിട്ടുണ്ട്. ഇതുകൂടാതെ 29/9/2018 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം. |

150/2018/ആഭ്യ. പ്രകാരം 268 പോലീസ് സ്റ്റേഷനുകളിൽക്കൂടി ഇത് നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

 സെക്ഷൻ ഓഫീസർ